# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ - *60 | 2/12/2014 ൽ മറുപടിയ്ക്ക് |

## ഖാദി ഉല്പന്ന വിപണന രംഗത്തെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ബെന്നി ബെഹനാൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഖാദി ഉൽപന്ന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട് ; | (എ) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരുമാനമായി എത്ര രൂപ ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഖാദി ബോർഡിന്റെയും ഖാദി ബോർഡ് ധനസഹായം ചെയ്ത സ്ഥാപനങ്ങളുടേയും ഖാദി ഉല്പന്നങ്ങളുടെ (പോളി വസ്ത്രം ഉൾപ്പെടെ) വില്പന വിവരം വർഷം തിരിച്ച് താഴെ കൊടുക്കുന്നു.<br>2011-12 – 34.37 കോടി രൂപ<br>2012-13 -38.19 കോടി രൂപ<br>2013-14- 45.47 കോടി രൂപ |
| (സി) എത്ര ശതമാനം വർദ്ധനയാണ് വിപണന രംഗത്ത് ഉണ്ടായത് ; വിശദമാക്കുമോ ; | (സി) 2011-12 വർഷം 17.67% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>2012-13 വർഷം 11% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>2013-14 വർഷം 19.06% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്. |

Anadon

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഖാദി തുണിത്തരങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് വർഷം മുഴുവനും സാധാരണ റിബേറ്റായി 10 ശതമാനവും ഉത്സവകാലങ്ങളിൽ 108 ദിവസം പ്രത്യേക റിബേറ്റായി 10 ശതമാനവും നൽകി വരുന്നു. കൂടാതെ ഖാദി ബോർഡ് കേന്ദ്ര സർക്കാർ നൽകുന്ന എം.ഡി.എ.(Market Development Assistance) തുക വിനിയോഗിച്ച് 10 ശതമാനം കൂടി നൽകുമ്പോൾ ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങൾക്ക് 30% റിബേറ്റ് (സബ്സിഡി) ഉപഭോക്താവിന് ലഭിക്കും. ആഴ്ചയിൽ ഒരു ദിവസം സ്കൂൾ യൂണിഫോം ഖാദി/കൈത്തറി ആക്കണമെന്നും, സർക്കാർ ജീവനക്കാർ ഖാദി/കൈത്തറി ധരിക്കണമെന്നും നിർദ്ദേശിച്ചതുവഴി ഖാദി വിൽപന യിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

പ്രത്യേക വിപണന മേളകൾ സംഘടിപ്പിക്കുകയും എക്സിബി ഷനുകളിൽ പങ്കെടുക്കുകയും ഗുണ മേന്മയും ആകർഷകമായ ഡിസൈൻ ഉള്ളതുമായ ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ ഇറക്കുകയും ചെയ്തു. നിലവിലുള്ള വിൽപന കേന്ദ്രങ്ങൾ മോടിപിടിപ്പിക്കുകയും ആവശ്യാ നുസരണം ഉല്പന്നങ്ങൾ സ്റ്റോക്ക് ചെയ്യുകയും ചെയ്തതുവഴി വിൽപന ഗണ്യമായി കൂടി. കൂടാതെ ഖാദി ബോർഡും ഖാദി സ്ഥാപനങ്ങളും പുതിയ വിൽപന കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്തു. ഉപഭോ ക്താക്കളുടെ താല്പര്യത്തിനനുസരിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ സജ്ജീകരിച്ചും, പരമ്പരാഗത വ്യവസായമായ ഖാദി മേഖലയിലെ ഉല്പന്നങ്ങൾ വാങ്ങ ണമെന്ന സർക്കാർ തല ത്തിലുള്ള പ്രചാരണവും വിൽപന വർദ്ധി പ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്.

ഖാദി മേഖലയുടെ വൈവിദ്ധ്യവല്ക്കരണത്തിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായ ത്തോടെ ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും നിലവി ലുള്ളതിന്റെ പ്രവർത്തനം വിപുലമാ ക്കുകയും ചെയ്തു. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുകയും ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുകയും ചെയ്യുന്നു. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളി കൾക്ക്ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകി ആകർഷകമായ ബെഡ്ഷീറ്റുകൾ തുണിത്തരങ്ങൾ എന്നിവ നിർമ്മിക്ക ത്തക്കവിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഖാദി വ്യവസായത്തെ കൂടുതൽ ഉല്പാദന പരവും മൽസരാധിഷ്ഠിതവുമാക്കു ന്നതിന് ഖാദി ക്ലസ്റ്ററുകൾ സ്ഥാപിച്ചു.

Canaelo
സെക്ഷൻ ഓഫീസർ.